# ചൈതന്യ കാർഷികമേള 2019 ഭക്ഷ്യസുരക്ഷ വിളംബര സന്ദേശയാത്രയ്ക്ക് വർണ്ണാഭമായ തുടക്കം

## കൗതുകമുണർത്തി പിടക്കോഴിയും കുഞ്ഞുങ്ങളും





കോട്ടയം: കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 21-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയ സംഘമഹോത്സവത്തിനും മുന്നൊരുക്കമായുള്ള ഭക്ഷ്യസുരക്ഷ വിളംബര സന്ദേശയാത്രയ്ക്ക് വർണ്ണാഭമായ തുടക്കം. കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ തോമസ് ചാഴികാടൻ എം.പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, കോട്ടയം അതിരൂപത വികാരി ജനറാൾ വെരി. റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് എന്നിവർ സംയുക്തമായി വിളംബര സന്ദേശയാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോർജ്ജ് പുല്ലാട്ട്, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസ്സി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ബിനു കുന്നത്ത് ചൈതന്യ പാസ്റ്ററൽ സെന്റർ അസി. ഡയറക്ടർ ഫാ. ബിജോ കൊച്ചാദംപള്ളിൽ തുടങ്ങി മത, സാമൂഹ്യ, രാഷ്ട്രീയ, സാംസ്ക്കാരിക രംഗത്തെ പ്രമുഖർ ഫ്ളാഗ് ഓഫ് കർമ്മത്തിൽ പങ്കെടുത്തു. ഫ്ളാഗ് ഓഫ് കർമ്മത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. ഭക്ഷ്യസുരക്ഷയുടെ സന്ദേശം ഉണർത്തുന്ന പിടക്കോഴിയും കുഞ്ഞുങ്ങളുമാണ് പ്രചരണ വാഹനത്തിൽ ക്രമീകരിച്ചിരിക്കുന്നത്. കാർഷിക മേളയുടെയും ഭക്ഷ്യസുരക്ഷയുടെയും സന്ദേശം പകർന്നുകൊണ്ട് വിളംബര സന്ദേശയാത്ര കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിക്കും. സംസ്ഥാന സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും പങ്കാളിത്തത്തോടെ നവംബർ 20 മുതൽ 24 വരെ തീയതികളിൽ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് ചൈതന്യ കാർഷികമേള നടത്തപ്പെടുന്നത്.